കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്-ആസ്തിവികസനം-കൂത്തുപറമ്പ് നിയോജകമണ്ഡലം-മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ) നം.2684/17/തസ്വഭവ തിരുവനന്തപുരം, തീയതി, 03.08.2017

വായന — 1) 11/06/2012 ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 05/06/2017 ലെ ഡി.ബി5-2693/17/സി.ഇ/തസ്വഭവ(5) നമ്പർ കത്ത്.

**ഉത്തരവ്**

കൂത്തുപറമ്പ് നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന മൂന്ന് പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 66,00,000/- രൂപയ്ക്ക് ( അറുപത്തി ആറ് ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ രണ്ടാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

| നമ്പർ | പ്രോജക്റ്റ് ഐ.ഡി. | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | 2459 | Upper floor of Ayurveda Hospital, Mokeri | 25 |
| 2 | 2464 | Construction of First Floor to PHC Building | 16 |
| 3 | 2461 | Career Training Centre, Parad | 25 |
| ആകെ | | | 66 |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൂത്തുപറമ്പ് നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മേൽ പരാമർശിച്ച മൂന്ന് പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 66,00,000/- രൂപയ്ക്ക്(അറുപത്തി ആറ് ലക്ഷം രൂപ മാത്രം)വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിക്കണമെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ആയത് സംബന്ധിച്ച് ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി. എ.ഡി. എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മൊകേരി/പാറാട് ഗ്രാമ പഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ,. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (അ.നം.-1108972(3)/NC-C3/2016/Fin തീ.1/7/17)
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ്(ഡി.ബി.2/70/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ